(എച്ച്) ഒഴിവുകളുടെ ലഭ്യതയുടെ അടിസ്ഥാനത്തിലും പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുന്ന മുറയ്ക്കും കഴിവതും വേഗം നിയമനം നടത്തി വരുന്നു.

## എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൽഡ് വർക്കർമാരുടെ പ്രമോഷൻ സാദ്ധ്യതകൾ

**195 (1130)** ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൾഡ് വർക്കർമാരുടെ പ്രമോഷൻ സാദ്ധ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇവർക്ക് പ്രമോഷൻ ലഭിക്കണമെങ്കിൽ മറ്റെന്തെങ്കിലും യോഗ്യത നേടിയിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ ; എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്തെല്ലാം ;

(സി) പ്രമോഷനുവേണ്ടി യോഗ്യത നേടിയ എത്ര ഉദ്യോഗസ്ഥർ ഈ വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവരിൽ എത്രപേർക്ക് ഇതിനകം പ്രമോഷൻ നൽകിയിട്ടുണ്ട് ;

(ഇ) കാസർഗോഡ് ഡി.എം.ഒ.-യുടെ 22-11-2000-ലെ എ2-12134/00/ഡി.എം.ഒ (എച്ച്) കെ.ജി.ഡി എന്ന ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ജീവനക്കാരോടൊപ്പം പരിശീലനം ലഭിച്ചിട്ടുള്ള മറ്റു ജീവനക്കാർക്ക് പ്രമോഷൻ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) പരിശീലനം ലഭിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എഫ്.സി.പി. യൂണിറ്റുകളിലെ ഫീൽഡ് വർക്കർമാർക്ക് ഫീൽഡ് അസിസ്റ്റന്റുമാരായി പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ട്. യോഗ്യതയുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ അഭാവത്തിൽ ഇൻസെക്ട് കളക്ടർമാരായി പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ട്.

(ബി) ഫീൽഡ് അസിസ്റ്റന്റുമാരായി പ്രമോഷൻ ലഭിക്കുന്നതിന് എട്ടാം സ്റ്റാൻഡേർഡും ഫീൽഡ് വർക്കറായി 10 വർഷത്തെ സേവന പരിചയവും ആവശ്യമാണ്. യോഗ്യതയുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ അഭാവത്തിൽ, ഫീൽഡു വർക്കർമാർക്ക് നേരിട്ട് ഇൻസെക്ട് കളക്ടർ ആയി പ്രമോഷൻ ലഭിക്കുന്നതിന് എസ്.എസ്.എൽ.സി.-യും മലേറിയ അല്ലെങ്കിൽ ഫയലേറിയ സർവ്വേയിലോ നിയന്ത്രണ ജോലിയിലോ രണ്ടുവർഷത്തെ പരിചയം ഉണ്ടായിരിക്കണം.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) വിശദമായ പരിശോധനയ്ക്കുശേഷം അർഹരായവർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലേഡി ഡോക്ടറെ നിയമിക്കുന്ന നടപടി

196 (1131) : ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ലേഡി ഡോക്ടറെ നിയമിക്കണമെന്ന ആവശ്യത്തിൻമേലുള്ള നടപടികൾ ഏതു വരെയായി ;

(ബി) എന്നത്തേയ്ക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. എ. കെ.. സുഹറയെ 20-2-2001-ലെ 2334/2001 നമ്പർ ഓർഡർ പ്രകാരം താൽക്കാലികമായി വേങ്ങര പി.എച്ച്.സി.യിൽ നിയമിച്ചിട്ടുണ്ട്.

## ഗവൺമെന്റ് ആശുപത്രി ഡ്രൈവറെ ഡ്യൂട്ടിക്കു നിയോഗിച്ച നടപടി

197 (1132) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ 20-ാം തീയതി തുടങ്ങിയ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രത്യേക സമ്മേളനത്തിലേയ്ക്കു ഏതെങ്കിലും ഗവൺമെന്റ് ആശുപത്രി ആംബുലൻസ് ലഭ്യമാക്കിയിരുന്നോ ; ഇതിനുവേണ്ടി ഗവൺമെന്റ് ഡ്രൈവറെ ഡ്യൂട്ടിക്കുനിയോഗിച്ചിരുന്നോ ;

(ബി) എങ്കിൽ ആംബുലൻസിന്റെ നമ്പരും ഡ്രൈവറുടെ പേരും വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ആംബുലൻസും ഡ്രൈവറെയും വിട്ടുകൊടുത്തത് നിയമാനുസൃതമാണോ ;

(ഡി) ഈ സേവനത്തിനു ഗവൺമെന്റിലേയ്ക്കു എന്തുതുക വസൂലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ഒരു ആംബുലൻസും ഒരു ഡ്രൈവറെയും ടി ആവശ്യത്തിനായി നിയോഗിച്ചിരുന്നു.

(ബി) നം. കെ. എൽ. 01 ക്യൂ 3415 ഡ്രൈവർ കുമാരൻ നായർ.

LIBRARY ARCHIVES Kerala Legislative Assembly